# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 191** — **01.12.2014 -ലെ മറുപടിക്ക്**

## സദാചാര പോലീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. എം. ഹംസ**<br>**ശ്രീ. ബാബു എം. പാലിശ്ശേരി**<br>**ശ്രീ. സാജു പോൾ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട്ടെ സദാചാര പോലീസ് ആക്രമണത്തിനെതിരെ കൊച്ചി മറൈൻ ഡ്രൈവിൽ പ്രതിഷേധം പ്രകടിപ്പിക്കാനെത്തിയവരെ തടയാൻ ആക്രമണം അഴിച്ചുവിട്ട വർഗ്ഗീയ സംഘടനാ പ്രവർത്തകർക്കെതിരെ പോലീസ് നിയമാനുസൃത നടപടികൾ എടുക്കുകയുണ്ടായോ; | (എ) ഉണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി., ബജ്റംഗൾ, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 200 ഓളം പ്രവർത്തകർക്കെതിരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) അക്രമികളായ വർഗ്ഗീയ വാദികളും കുറ്റവാളികളും ആഭാസ മുദ്രാവാക്യങ്ങളുമായി മണിക്കൂറുകളോളം മറൈൻഡ്രൈവ് കയ്യടക്കിയിരുന്നിട്ടും പോലീസ് കേസെടുക്കുവാനോ അറസ്റ്റു ചെയ്യുവാനോ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; | (ബി) നിയമലംഘനം നടത്തിയവർക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തെ അനുകൂലിച്ച് പ്രകടനം നടത്തിയ 19ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 2470 u/s 143, 147, 283, 149 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി, ബജ്റംഗൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 2471 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും ഇതേ സംഗതിക്ക് എസ്.ഡി.പി.ഐ. എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം, 2479 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി |

| | |
|---|---|
| | രണ്ടു കേസുകളിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) അക്രമികളുടെ ദൃശ്യങ്ങൾ പോലീസിനു ലഭ്യമായിരുന്നുവോ; ദൃശ്യങ്ങളിൽ തെളിയുന്ന എത്രപേർക്കെതിരെ കേസെടുക്കാതിരുന്നിട്ടുണ്ട്; മുൻകൂർ അനുമതിയോടു കൂടിയാണോ വർഗ്ഗീയ സംഘടനകൾ പ്രകടനം നടത്തിയിരുന്നത്; മുൻകൂർ അനുമതിയില്ലാതെ പ്രകടനം നടത്തിയ സംഘടനകൾക്കെതിരെ കേസെടുക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം സംഘടനകൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്ന് വ്യക്തമാക്കാമോ; | (സി) നിയമലംഘനം നടത്തിയവരുടെ ദൃശ്യങ്ങൾ ലഭ്യമായിരുന്നു. നിയമലംഘനം നടത്തിയതായി വെളിവായിട്ടുള്ള എല്ലാവർക്കുമെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്താൻ ആർക്കും അനുമതി നൽകിയിട്ടില്ല. മുൻകൂർ അനുമതി ഇല്ലാതെ പ്രകടനം നടത്തിയവർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ക്രൈം നം. 2470 u/s 143, 147, 283, 149 IPC (കിസ് ഓഫ് ലവ് പ്രവർത്തകർക്കെതിരെ) ടി കേസ്സിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2. ക്രൈം നം. 2471 u/s 143, 145, 147, 283 r/w 149 IPC (ശിവസേന, വി.എച്ച്.പി., ബജ്റംഗ്ദൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ) 3. ക്രൈം നം. 2479 u/s 143, 145, 147, 283 r/w 149 IPC (എസ്.ഡി.പി.ഐ എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ). |
| (ഡി) സംഭവത്തിൽ സദാചാര പോലീസുകാർക്ക് അനുകൂലമായി നിയമവിരുദ്ധ നിലപാടെടുത്ത പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷിക്കുമോ? | (ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നിയമവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ